(ബി) മണ്ണും ചെളിയും നീക്കം ചെയ്യാത്തതുമൂലം പ്രസ്തുത ഡാമിന്റെ സംഭരണ ശേഷിയിൽ കുറവ് വന്നിട്ടുണ്ടോ;

(സി) ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി അരുവിക്കര ഡാമിന്റെ പുനരുദ്ധാരണത്തിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) അരുവിക്കര ഡാമിന്റെ വൃഷ്ടി പ്രദേശത്ത് എന്തെങ്കിലും വികസന പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയാണെന്ന് അറിയിക്കുമോ;

(ഇ) ഇതിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) അരുവിക്കര ഡാമിന്റെ പുനരുദ്ധാരണം ജെ.ബി.ഐ.സി. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) .ഇപ്പോൾ വികസന പ്രവർത്തനങ്ങൾക്കുള്ള പദ്ധതികൾ ഒന്നും പരിഗണനയിലില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

റിവർ മാനേജ്മെന്റ് ഇനത്തിൽ തുക ചെലവഴിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

38 [1821] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ റിവർ മാനേജ്മെന്റ് ഇനത്തിൽ ഇതുവരെ എന്ത് തുക ശേഖരിച്ചു എന്ന് വ്യക്തമാക്കാമോ; ഈ തുക ചെലവഴിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്;

(ബി) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം പുഴകളുടെ സംരക്ഷണത്തിന് എന്ത് തുക വീതം ചെലവഴിച്ചു;

(സി) റിവർ മാനേജ്മെന്റ് ഫണ്ട് ചെലവഴിക്കുന്നതിന് അതാത് ജില്ലകളിലെ പുഴയൊഴുകുന്ന മണ്ഡലത്തിലെ എം.എൽ.എ.-മാരുടെ അഭിപ്രായം പരിഗണിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 6.63 കോടി രൂപ കടവോ നദീതീരമോ പരിപാലിക്കുന്നതിനാവശ്യമായ തുക സർക്കാർ അംഗീകരിച്ച് നദീതീര വികസന പദ്ധതികൾ നടപ്പാക്കുന്നതിന് വേണ്ടിവരുന്ന തുക കാലാകാലങ്ങളിൽ മണലിന്റെ അളവ് തിട്ടപ്പെടുത്തുന്നതിനുവേണ്ടി വരുന്ന തുക, ജില്ലാതല വിദഗ്ദ്ധ സമിതികളുടെ യോഗനടപടികൾക്കും അംഗങ്ങളുടെ യാത്രാബത്ത നൽകുന്നതിനും വേണ്ടി വരുന്ന തുക, ആഡിറ്റ് ഫീസിനുള്ള തുക, നദീതീരവാസികളുടെ ദുരിതാശ്വാസത്തിനായോ, പുനരധിവാസത്തിനായോ ഉണ്ടാക്കുന്ന പദ്ധതികൾ നടപ്പാക്കാനുള്ള തുക എന്നിവ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതിന് ആക്ടിലും ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) തുക ചെലവഴിച്ചിട്ടില്ല.

(സി) പരിഗണനയിലാണ്.

വടകര മുനിസിപ്പാലിറ്റിയിലെ കുടിവെള്ള പദ്ധതി

39 [1823] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര മുനിസിപ്പാലിറ്റിയിലും, ഓഞ്ചിയം, ചോറോട് പദ്ധതിക്കും ജലവിതരണത്തിന് വെള്ളമെടുക്കുന്ന പുഴയിൽ വേനലിൽ വെള്ളത്തിന്റെ ലഭ്യത കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ ആവശ്യമായ തടയണ നിർമ്മിക്കുന്ന പ്രവൃത്തി ഈ വർഷം ആരംഭിക്കുമോ;

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കുടിവെള്ളം നൽകുന്ന എന്തെങ്കിലും പദ്ധതിക്ക് വാട്ടർ അതോറിറ്റി അനുവാദം നൽകുന്നുണ്ടോ, എങ്കിൽ എവിടെയാണ് അപേക്ഷ നൽകേണ്ടത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വടകര മുനിസിപ്പാലിറ്റിയിലേക്കുള്ള പഴയ ശുദ്ധജലവിതരണ പദ്ധതിയുടെ സ്രോതസ്സായ വാണിമേൽ പുഴയിൽ സ്ഥിരം ബണ്ട് നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ടെക്നോളജി മിഷന്റെ സഹായത്തോടുകൂടിയുള്ള അഴിയൂർ ശുദ്ധജല വിതരണ പദ്ധതിയിൽപ്പെടുത്തി വാണിമേൽ പുഴയിൽ മറ്റൊരു സ്ഥിരം തടയണ കെട്ടാൻ ഉദ്ദേശിക്കുന്നുണ്ട്. വടകര മുനിസിപ്പാലിറ്റി ഓഗ്മെന്റേഷൻ പദ്ധതിയുടെ സ്രോതസ്സായ കുറ്റ്യാടി പുഴയിലെ വെള്ളത്തിന്റെ ലഭ്യത കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് സ്ഥിരം തടയണ നിർമ്മിക്കാൻ വേണ്ട പ്രൊപ്പോസൽ ഇറിഗേഷൻ വകുപ്പിന്റെ പരിഗണനയിലാണ്. ഓഞ്ചിയം-ചോറോട് പദ്ധതിക്ക് വെള്ളത്തിന്റെ ലഭ്യത കുറഞ്ഞതായി ഇതുവരെ അനുഭവപ്പെട്ടിട്ടില്ല.